(ബി) 2000-2001 ലെ ബഡ്ജറ്റിൽ ഈ പാലത്തിന് എത്ര തുക വകയിരുത്തിയിരുന്നു;

(സി) 2001-2002 ലെ ബഡ്ജറ്റിൽ ഈ പാലത്തിന് എത്ര തുക വകയിരുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്ര ;

(ഇ) ഈ പണിക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പണിക്കുള്ള ടെണ്ടർ വിളിച്ചുവോ ; എങ്കിൽ എന്ന് ;

(എഫ്) ഇതിന്റെ പണിക്ക് ടെണ്ടർ വിളിക്കാതെ ഇതിന് തറക്കല്ലിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ടുപ്രാവശ്യം തകഴി പാലത്തിന് തറക്കല്ലിട്ടിട്ടുണ്ട്. 31-1-1987 ലും, 25-1-2001ലും.

(ബി) 13 ലക്ഷം രൂപ

(സി) 2001-2002 ലെ ബഡ്ജറ്റിൽ 250 ലക്ഷം രൂപ അനുവദിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(ഡി) ഇതിന്റെ എസ്റ്റിമേറ്റ് തുക 500 ലക്ഷം രൂപയാണ്

(ഇ) ഈ പാലം നിർമ്മാണത്തിന് 11/97-ൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് പണി കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുവാൻ തീരുമാനിക്കുകയാണുണ്ടായത്.

(എഫ്) ടെണ്ടർ വിളിച്ചതിനു ശേഷമാണ് തറക്കല്ലിട്ടിട്ടുള്ളത്.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി

67(747) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെള്ളോറ-കക്കറ കടുക്കാമുക്ക് പാടിയോട്ടുചാൽ- ഓടമുക്ക് റോഡുകളുടെ നിർമ്മാണമാരംഭിച്ചതെന്ന് ; എത്ര ദിവസം കൊണ്ടാണ് പ്രസ്തുത റോഡു നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നത് ;

(ബി) ഈ റോഡുകളുടെ നിർമ്മാണം ഇനിയും പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8-12-1998-ൽ പണി ആരംഭിച്ചു. എഗ്രിമെന്റ് പ്രകാരം പണി പൂർത്തിയാക്കേണ്ടിയിരുന്നത് 7-6-2000 ലായിരുന്നു.

(ബി) കരാറുകാരന്റെ അനാസ്ഥ കാരണം പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഈ പണി 12/2001-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വർക്കല ആർ.യു.ബി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

68 (748) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ആർ.യു.ബി. യുടെ (റോഡ് അണ്ടർ ബ്രിഡ്ജ്) നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പണി തുടർന്ന് നടത്താൻ കഴിയാത്ത സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ജോലി അടിയന്തിരമായി പൂർത്തിയാക്കാതെ വന്നാൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് അവസാനിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ പണി തുടർന്ന് നടത്താൻ ആവശ്യമായ ഫണ്ട് നൽകാൻ അടയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 50 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി-ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കി പണി കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അറുമാനൂർ-തണ്ടാശ്ശേരി റോഡിലെ നീറിക്കാട് മുതല വാലേൽ പാലം

69 (749) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അറുമാനൂർ-തണ്ടാശ്ശേരി റോഡിലെ നീറിക്കാട് മുതല-വാലേൽ പാലം വീതി കൂട്ടി ശക്തിപ്പെടുത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) എങ്കിൽ ഇതിനു വേണ്ടി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) വളരെയധികം ഗതാഗതത്തിരക്കുള്ള ഈ പാലം എത്രയും വേഗം വീതി കൂട്ടി ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly